**No.23688/ JRY1/10/CRD**

Commissionerate of Rural Development,
LMS Compound, Thiruvananthapuram,
Dated : 17.05.2011

From

The Commissioner for Rural Development
Thiruvananthapuram.

To

1. Registrar of Co-Operative Societies, Thiruvananthapuram.
2. Director of Panchayath, Thiruvananthapuram.
3. Director of Urban Affairs , Thiruvananthapuram.
4. State Performance Audit Officer, Thiruvananthapuram.
5. Director, IKM, Thiruvananthapuram.
6. S.R.Sanal Kumar, Member, SRG, Thiruvananthapuram.
7. Managing Director State Co-Operative Bank, Thiruvananthapuram.
8. The Additional Registrar of Co-operative Societies . Thiruvananthapuram
9. Joint Director of Panchayats Thiruvananthapuram
10. Joint Director of Urban Affairs

Sir,

**Sub:-** Minutes of review meeting of EMS Housing scheme held on 27.04.2011 in the Chamber of Hon'ble Minister for Finance.

**Ref:-** This office letter even No. dated 20.04.2011.

****

The copy of the minutes of the meeting held on 27.04.2011 in the chamber of Hon'ble Minister of Finance to discuss about the issues regarding payment of principal & Interest to Co- Operative Institutions which have disbursed loans under EMS Housing Scheme is herewith enclosed.

Yours faithfully

A.Shajahan.I.A.S
Commissioner for Rural Development

EDP 2

**ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ മുതൽ, പലിശ എന്നിവ തുടർന്ന് നൽകുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു: ധനകാര്യവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ 27.4.2011 ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് ചേർന്ന യോഗ നടപടി കുറിപ്പുകൾ.**

-----------

യോഗം ഉച്ചയ്ക്ക് 12 മണിയ്ക്ക് ബഹു: ധനമാര്യ വകുപ്പ് മന്ത്രി ശ്രീ.ടി.എം.തോമസ്സ് ഐസക്കിൻെറ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു:ധനകാര്യവകുപ്പ് മന്ത്രിയെ കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ പാലോളി മുഹമ്മദ്കുട്ടിയും യോഗത്തിൽ സന്നിഹിതരായിരുന്നു. കൂടാതെ യോഗത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരും എകെടുത്തു.

1. ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്
   അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. എ.കെ.ദുബേ, ഐ.എ.എസ് ധനകാര്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി
3. ശ്രീ.സജ്ജയ് ഗാർഗ്, ഐ.എ.എസ്, എക്സ്പെന്റിച്ചർ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. കെ.ആർ. മുരളീധരൻ ഐ.എ.എസ്
   പഞ്ചായത്ത് ഡയറക്ടർ
5. ശ്രീ.എ. ഷാജഹാൻ ഐ.എ.എസ് ഗ്രാമവികസനകമ്മീഷണർ
6. ശ്രീ.എം.ഗിരീഷ് കുമാർ ഐ.എ.എസ് ഓഫിസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
   -ധനകാര്യവകുപ്പ്.
7. ശ്രീ.എസ്. ദിവാകരൻ പിള്ള, സ്റ്റേറ്റ് പെർഫോമൻസ് ഓഫീസർ
8. ശ്രീമതി.ആനിയമ്മ ജോസഫ്
   അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. ദിലീപ്, ജോയിന്റ് ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്
10. ശ്രീ. ജെ.സദാനന്ദൻ, ജോയിന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്
11. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണബാങ്ക്, തിരുവനന്തപുരം.
12. ശ്രീ.സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ, സഹകരണ സംഘം-
    രജിസ്ട്രാർ ഓഫിസ്
13. ശ്രീ. സനൽ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ്.
14. എസ്. ദിനേശ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ,
    ഗ്രാമവികസന കമ്മീഷണറാഫീസ്.

2. ഇ.എം.എസ്. ഭവനപദ്ധതിയ്ക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നും എടുത്ത വായ്പയുടെ മുതൽ ഇനത്തിൽ ഓരോവർഷവും തിരിച്ചടയ്ക്കേണ്ട തുകയും പലിശ ഇനത്തിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നിലവിലുള്ള ഉത്തരവ് പ്രകാരമുള്ള നടപടി ക്രമങ്ങൾ തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മുതൽ ഇനത്തിൽ 2010-2011 സാമ്പത്തിക വർഷം തിരിച്ചടയ്ക്കേണ്ട തുക ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് വായ്പ നൽകിയ സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. 30.9.2011 വരെ എടുത്ത വായ്പയുടെ 31.3.11 വരെയുള്ള പലിശ കണക്കാക്കി ഗ്രാമവികസന കമ്മീഷണർ ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന് ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വെബ് അധിഷ്ടിതമായ സോഫ്റ്റ് വെയറിൽ നൽകിയ കണക്കുകളുടെ അടിസ്ഥാനത്തി ലാണ് പലിശ താത്ക്കാലികമായി കണക്കാക്കി നൽകിയിട്ടുള്ളതെന്നും സോഫ്റ്റ്‌വെയർ ആപ്ളിക്കേഷൻ ഉപയോഗിച്ച് വിവരങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ ചില തദ്ദേശഭരണ സ്ഥാപ നങ്ങൾക്ക് പിശക് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ആയതിനാൽ ഇത് സംബന്ധിച്ച കണക്കുകൾ റിക്കൺസിലിയേഷൻ നടത്തി ക്രമ പ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം 30.09.2010-ന് ശേഷം 31.03.2011 വരെ കൈപ്പറ്റിയ വായ്പയുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യേണ്ടതുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

3. മുതൽ ഇനത്തിലും പലിശ ഇനത്തിലും സംസ്ഥാന സഹകരണ ബാങ്കിന് നൽകിയ തുക സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ടെ ങ്കിലും വായ്പ അനുവദിച്ച സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും തുക കൈമാറിക്കിട്ടുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടെന്നും ഇതുമൂലം പദ്ധതി നടത്തിപ്പിൽ പ്രശ്നങ്ങളുണ്ടാകുന്നുണ്ടെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

4. പലിശ ഇനത്തിൽ ഫെബ്രുവരി മാസത്തിലും ഏപ്രിൽ മാസത്തിലും നൽകിയ തുക വിതരണം ചെയ്തതിന്റെ കണക്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ലഭിച്ചിട്ടി ല്ലെന്ന് ഗ്രാമവികസന കമ്മീഷണർ യോഗത്തിൽ അറിയിച്ചു.

5.സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച തുകകൾ തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ ജില്ലാ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ടെന്നും എന്നാൽ ജില്ലാ ബാങ്കുകൾ തുക വിതരണം ചെയ്തത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കിയിട്ടില്ലെന്നും, പക്ഷേ തുക ലഭിച്ചില്ലെന്നത് സംബന്ധിച്ച പരാതികളൊന്നും പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് ലഭിച്ചിട്ടില്ലെന്നുംസംസ്ഥാന സഹകരണ ബാങ്കിന്റെ പ്രതിനിധി അറിയിച്ചു.

6.കണക്കുകൾ കൃത്യതയില്ലാതെ ലഭ്യമാക്കിയത് വളരെ ഗൗരവകരമായ പ്രശ്നമാണെന്ന് ബഹു.ധനകാര്യമന്ത്രി അറിയിച്ചു. ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിയ്ക്കേണ്ടതാണെന്ന് ബഹു.ധനകാര്യ മന്ത്രി നിർദ്ദേശിച്ചു. നിലവിൽ കേന്ദ്രീകൃതമായി കണക്കുകൾ തയ്യാറാക്കി തുക സംസ്ഥാന സഹകരണ ബാങ്ക് മുഖേന നൽകുന്നതിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് മുതൽ ഇനത്തിലും പലിശ ഇനത്തിലും തുടർന്ന് നൽകേണ്ട തുകകൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ പുനഃക്രമീകരിയ്ക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതിനകം ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകിയ തുകകൾ മേയ് മാസം 3-ാം തീയതിയ്ക്കകം വായ്പ നൽകിയ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിരിയ്ക്കണമെന്ന കർശ്ശനമായ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും മേയ് 2-ാം തീയതിയ്ക്ക് മുൻപായി നൽകണം. അതോടൊപ്പം ഇതിനകം നൽകിയ തുകയുടെ റീക്കൺസിലിയേഷൻ അടിയന്തിരമായി നടത്തേണ്ടതാണെന്നും ബഹു. ധനകാര്യവകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

7. തുടർന്ന് മുതൽ പലിശ എന്നീ ഇനങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിന് ലഭ്യമാക്കിയ തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് സ്വീകരിയ്ക്കേണ്ട നടപടികളുടെ കാര്യത്തിലും 31.03.2011 വരെയുള്ള വായ്പ, പലിശ എന്നിവയെ സംബന്ധിയ്ക്കുന്ന കണക്കുകൾ റിക്കൺസിലിയേഷൻ നടത്തുന്ന കാര്യത്തിലും താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**I. മുതൽ, പലിശ എന്നീ ഇനങ്ങളിൽ ഇതുവരെ സംസ്ഥാന സഹകരണ ബാങ്കിന് നൽകിയ തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ**

i. വായ്പ അനുവദിച്ച സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കിയ തുക (മുതലും പലിശയും) ജില്ലാ സഹകരണ ബാങ്കുകൾ 2011 മേയ് 3-നകം തന്നെ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ്.

ii. തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് സഹകരണസംഘം രജിസ്ട്രാർ മേയ് 5-നകം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ലഭ്യമാക്കേണ്ടതാണ്.

iii. താത്ക്കാലിക കണക്കുകളെ അടിസ്ഥാനമാക്കിയാണ് പലിശ അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് യഥാർത്ഥ പലിശ സംബന്ധിച്ച കണക്കിൽ വ്യത്യാസമുണ്ടായേക്കാം. 31.03.2011 വരെയുള്ള യഥാർത്ഥ പലിശ കണക്കാക്കുമ്പോൾ ലഭിക്കേണ്ടതിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണുകയാണെങ്കിൽ അത് ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിൽ തന്നെ നിലനിർത്തണം. അധികം ലഭിച്ചിട്ടുള്ള തുക തുടർന്ന് ലഭിക്കേണ്ട പലിശയിൽ തട്ടിക്കിഴിക്കാവുന്നതാണ്.

iv. ഡാറ്റാ എൻട്രിയിലെ പിശക് കാരണം വായ്പ അനുവദിക്കാത്ത ഏതെങ്കിലും സഹകരണ സ്ഥാപനത്തിന് പലിശ ഇനത്തിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഇപ്രകാരം നൽകിയ തുക ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്ക്/സഹകരണ സ്ഥാപനം സംസ്ഥാന സഹകരണ ബാങ്ക് മുഖേന മെയ് 15 -നകം ഗ്രാമവികസന കമ്മീഷണർക്ക് തിരികെ നൽകേണ്ടതാണ്.

v. സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കിയ തുകയിൽ നിന്നും, പ്രാഥമിക സഹകരണ സംഘങ്ങൾ എടുത്തിരുന്ന മറ്റ് വായ്പകളുടെ ബാധ്യതകൾ ജില്ലാ സഹകരണ ബാങ്കുകൾ തട്ടിക്കിഴിക്കാൻ പാടില്ല. ഇങ്ങനെ തുക തട്ടിക്കിഴിക്കുന്നില്ലെന്ന് സഹകരണസംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ്.

2) 31.03.2011 വരെയുള്ള വായ്പ,പലിശ എന്നിവയെ സംബന്ധിക്കുന്ന കണക്കുകൾ റിക്കൺസിലിയേഷൻ നടത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ.

(i) 30.09.2010 വരെ കൈപ്പറ്റിയ വായ്പയുടെ വിവരങ്ങൾ വെബ് അധിഷ്ഠിതമായ സോഫ്റ്റ്‌വെയറിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 2010-11 സാമ്പത്തിക വർഷം തിരിച്ചടയ്ക്കേണ്ട മുതൽ തുകയും പലിശയും താൽക്കാലികമായി കണക്കാക്കി നൽകിയിട്ടുള്ളത്. ആപ്ളിക്കേഷൻ ഉപയോഗിച്ച് വിവരങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്കെങ്കിലും പിശക് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിവരങ്ങൾ റികൺസിലിയേഷൻ നടത്തി ക്രമപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം 30.09.2010 നു ശേഷം 31.03.2011 വരെ കൈപ്പറ്റിയ വായ്പയുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യണം.

(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ജില്ലാതലത്തിൽ വിളിച്ചു ചേർത്തായിരിക്കണം കണക്കുകൾ ചിട്ടപ്പെടുത്തേണ്ടത്. അതിനുള്ള ചുമതല താഴെപ്പറയുന്നത് പ്രകാരമായിരിക്കും.

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ചുമതലയുള്ള ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| 2 | ബ്ളോക്ക് പഞ്ചായത്തുകൾ | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) |
| 3 | മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും | നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ |
| 4 | ജില്ലാ പഞ്ചായത്തുകൾ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ യൂണിറ്റ് |

(iii) ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ കണക്കുകൾ പരിശോധിച്ച് ചിട്ടപ്പെടുത്തുന്നതിനായി മെയ് 5,6,7 തീയതികളിലായി ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഒരു ദിവസം 20 ഗ്രാമപഞ്ചായത്തുകൾ എന്ന രീതിയിലായിരിക്കണം ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.

(IV) ക്യാമ്പിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, സഹകരണ സ്ഥാപനത്തിന്റെ സെക്രട്ടറി, സഹകരണ സ്ഥാപനത്തിന്റെ ചുമതലയുള്ള സഹകരണ വകുപ്പിലെ ഓഡിറ്റർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിന് ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥൻ ക്യാമ്പിന്റെ തീയതി, സ്ഥലം, സമയം എന്നിവ നിശ്ചയിച്ച് ബന്ധപ്പെട്ടവർക്ക് ടെലഫോൺ മുഖേനയും രേഖാമൂലവും അറിയിപ്പ് നൽകേണ്ടതാണ്. ഓരോ തദ്ദേശഭരണ

സ്ഥാപനവും ഏതൊക്കെ ബാങ്കുകളുൽ നിന്നാണ് വായ്പയെടുത്തിട്ടുള്ളതെന്ന വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്ന് ടെലഫോൺ മുഖേന ശേഖരിക്കേണ്ടതും ബന്ധപ്പെട്ട ബാങ്കുകൾക്ക് അറിയിപ്പ് നൽകേണ്ടതുമാണ്. ക്യാമ്പിൽ സഹകരണസംഘം ജില്ലാ ജോയിന്റ് രജിസ്ട്രാറേയും ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരേയും പങ്കെടുപ്പി ക്കേണ്ടതാണ്.

(V) ബാങ്കിന്റേയും തദ്ദേശഭരണ സ്ഥാപനത്തിന്റേയും ഉദ്യോഗസ്ഥർ ഭവന പദ്ധതി വായ്പയു മായി ബന്ധപ്പെട്ട ലെഡ്ജറുകൾ, രജിസ്റ്ററുകൾ, പാസ്ബുക്ക് മറ്റ് രേഖകൾ എന്നിവ ക്യാമ്പി ലേക്ക് കൊണ്ടുവരേണ്ടതാണ്.

(VI) പലിശ ഇനത്തിലും, മുതൽ ഇനത്തിലും സർക്കാർ ലഭ്യമാക്കിയ മുതലും പലിശയും സഹകരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ രേഖകൾ ജില്ലാ സഹകരണ ബാങ്ക് ജന റൽ മാനേജർ ക്യാമ്പിൽ കൊണ്ടുവരണം.

(VII) മുതൽ, പലിശ എന്നീ ഇനങ്ങളിൽ സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ (തദ്ദേശ ഭരണ സ്ഥാപനം തിരിച്ചും സഹകരണ സ്ഥാപനം തിരി ച്ചുള്ള സ്റ്റേറ്റുമെന്റുകൾ) ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാരും ഗ്രാമവികസന കമ്മീഷ ണറും ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ക്യാമ്പിന് ചുമതല നൽകിയിട്ടുള്ള ഉദ്യോഗ സ്ഥർക്ക് മേയ് 2-നകം ലഭ്യമാക്കേണ്ടതാണ്.

(VIII) 31.03.2011 വരെ തദ്ദേശഭരണ സ്ഥാപനം കൈപ്പറ്റിയ വായ്പയുടേയും 31.03.2011വരെയു ള്ള പലിശയുടെയും തിരിച്ചടച്ച വായ്പയുടെയും ഒടുക്കിയ പലിശയുടേയും കണക്കുകൾ ക്യാമ്പിൽ വെച്ച് തയ്യാറാക്കണം. ഇതിനുള്ള ഫോറം സംസ്ഥാനതലത്തിൽ തയ്യാറാക്കി നൽകണം. ഫോറത്തിൽ സഹകരണ സ്ഥാപനത്തിന്റെ സെക്രട്ടറി, തദ്ദേശ ഭരണ സ്ഥാപന ത്തിന്റെ സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം അന്തിമമാക്കുന്ന ഫോറത്തിനെ പലിശ അനുവദിക്കുന്നതിനുള്ള സഹകരണ സ്ഥാപനത്തിന്റെ ക്ലെയിം ആയി പരിഗണിക്കുന്നതാണ്. ഫോറത്തിന്റെ 4 കോപ്പികൾ തയ്യാറാക്കണം. ഓരോ കോപ്പി വീതം സഹകരണ സ്ഥാപനത്തിനും തദ്ദേശഭരണ സ്ഥാപനത്തിനും നൽകണം. ഒരു കോപ്പി

ഖണ്ഡിക 2 പ്രകാരം ചുമതലയുള്ള ഉദ്യോഗസ്ഥൻ സൂക്ഷിക്കുകയും മറ്റൊന്ന് വകുപ്പ് മേധാവിക്ക് അയച്ചുകൊടുക്കകകയും വേണം.

8. മുതൽ ഇനത്തിൽ തുടർന്ന് നൽകേണ്ട ഗഡുക്കൾ നൽകുന്നതിനും പലിശഇനത്തിൽ തുടർന്ന് നൽകേണ്ട തുക നൽകുന്നതിനും താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തു ന്നതിനും തീരുമാനിച്ചു.

1. <u>മുതൽ ഇനത്തിൽ തുടർന്ന് നൽകേണ്ട ഗഡുകൾ നൽകുന്നതിനുള്ള ക്രമീകരണം</u>

(i) മുതൽ ഇനത്തിൽ ഓരോ വർഷവും നൽകേണ്ട തുകയുടെ കണക്കുകൾ സംസ്ഥാന തലത്തിൽ ശേഖരിച്ച് കൺട്രോളിംഗ് ഓഫീസർമാർ തുക മാറി സംസ്ഥാന സഹക രണ ബാങ്ക് മുഖേന വായ്പ നൽകിയ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതിനാൽ മുതൽ ഇനത്തിൽ ഓരോ വർഷവും നൽകേണ്ട തുക നൽകുന്നതിന് ഭാവിയിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളെത്തന്നെ ചുമതലപ്പെടുത്തേണ്ടതാണ്.

(ii) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ഒക്ടോബർ 31നകം മുതൽ ഇനത്തിൽ നൽകാനുള്ള തുക ബന്ധപ്പെട്ട സഹകരണ ബാങ്കിന് /സൊസൈറ്റിയ്ക്ക് നൽകണം. ഇത് സംബന്ധിച്ച ക്ളയിമുകൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വായ്പ നൽകിയ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ വർഷവും ജൂൺ 15നകം വാങ്ങണം.

(iii) മേൽ നിശ്ചയിച്ച തീയതിയ്ക്കകം (ഒക്ടോബർ 31) മുതൽ ഇനത്തിൽ നൽകേണ്ട തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്നില്ലെങ്കിൽ ഇതുമൂലം ഉണ്ടാകുന്ന പലിശ ബാദ്ധ്യത / പിഴപലിശ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ത്തിന്റെ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കും. നവംബർ മാസം മുതലുള്ള ഗഡുക്കൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ചുനൽകുന്നതിന് മുൻപായി സാമ്പത്തിക വർഷത്തെ മുതൽ ഇനത്തിൽ നൽകാനുള്ള തുക പൂർണ്ണമായും നൽകിയിട്ടുണ്ട് എന്ന കാര്യം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപത്രം നൽകണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(IV) ഇപ്രകാരം ഏതെങ്കിലും സഹകരണ ബാങ്കിന് /സൊസൈറ്റിയ്ക്ക് മുതൽ ഇന ത്തിൽ നൽകേണ്ട തുക ഒക്ടോബർ 31നകം നൽകിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ബാങ്ക്/സൊസൈറ്റി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൺട്രോ ളിംഗ് ഓഫീസർമാരെ (പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ, നഗര

കാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്) നവംബർമാസം 15-ാം തീയതിയ്ക്കകം രേഖാമൂലം അറിയിക്കേണ്ടതാണ്. ഇപ്രകാരം അറിയിപ്പ് ലഭിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ സഹകരണ ബാങ്കിന്/സൊസൈറ്റിയ്ക്ക് നൽകാനുള്ള തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തുടർന്ന് നൽകാനുള്ള പദ്ധതി വിഹിതത്തിന്റെ പൊതു വിഹിതത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതും ഇപ്രകാരം കുറവ് ചെയ്യുന്ന തുക ട്രഷറിയിൽ നിന്ന് മാറി ബന്ധപ്പെട്ട സഹകരണ ബാങ്കിന്/സൊസൈറ്റിയ്ക്ക് നൽകേണ്ടതുമാണ്.

2 പലിശ ഇനത്തിൽ തുടർന്ന് നൽകേണ്ട തുക നൽകുന്നതിനുള്ള ക്രമീകരണം

(1) പലിശ ഇനത്തിൽ വായ്പ നൽകിയ സഹകരണ സ്ഥാപനങ്ങൾക്ക് തുടർന്ന് നൽകേണ്ട തുക ഇതിനായി സർക്കാർ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയിൽ നിന്ന് മാറി നൽകുന്നതിന് താഴെപ്പറയുന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താവുന്നതാണ്.

| തദ്ദേശഭരണ സ്ഥാപനം | ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് |
| ബ്ളോക്കു പഞ്ചായത്തുകൾ | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) |
| മുനിസിപ്പാലിറ്റികളും/കോർപ്പറേഷനുകളും | നഗരകാര്യ ഡയറക്ടർ |
| ജില്ലാപഞ്ചായത്തുകൾ | ഗ്രാമവികസന കമ്മീഷണർ |

പലിശ തുക വകയിരുത്തിയിരിയ്ക്കുന്ന ശീർഷകം ഓപ്പറേറ്റ് ചെയ്യുന്നതിന് മേൽ നിർദ്ദേശിച്ച ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ധനകാര്യ വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിയ്ക്കേണ്ടതാണ്.

(2) പലിശ ഇനത്തിൽ ഓരോ പാദത്തിലും ലഭിയ്ക്കേണ്ട തുക സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട സഹകരണ ബാങ്ക്/സൊസൈറ്റി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അതാത് പാദം അവസാനിച്ചശേഷമുള്ള ആദ്യമാസത്തിന്റെ 10-ാം തീയതിയ്ക്കകം ലഭ്യമാക്കേണ്ടതാണ്. ഇതിനകം പലിശ ഇനത്തിൽ നൽകിയ തുക യഥാർത്ഥ പലിശകണക്കാക്കുമ്പോൾ ലഭിയ്ക്കേണ്ടതിൽ കൂടുതലാണെങ്കിൽ ഇപ്രകാരം അധികം ലഭിച്ച തുക തുടർന്ന് ലഭിയ്ക്കേണ്ട പലിശ സംബന്ധിച്ച ക്ളെയിമിൽ തട്ടികിഴിയ്ക്കേണ്ടതാണെന്നും ഇതിനകം നൽകിയ പലിശ സംബന്ധിച്ച കണക്കുകളു

മായി ഒത്ത് നോക്കി അധികം നൽകിയ പലിശ തട്ടിക്കിഴിച്ചിട്ടുണ്ടെന്ന് പലിശ മാറി നൽകുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണം.

(3) ഇപ്രകാരം സഹകരണ ബാങ്കുകൾ / സൊസൈറ്റികൾ നൽകുന്ന ക്ളെയിമുകളുടെ പകർപ്പുകൾ സഹിതം ബന്ധപ്പെട്ട ബാങ്കിന് / സൊസൈറ്റിയ്ക്ക് പലിശ ഇനത്തിൽ തുക അനുവദിച്ചുനൽകുന്നതിനുള്ള ശുപാർശകൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം പലിശ മാറി നൽകുന്നതിന് മേൽ നിർദ്ദേശിച്ച പ്രകാരം ചുമലതപ്പെടുത്തുന്ന ഉദ്യോഗസ്ഥന് അതാത് പാദത്തിന്റെ ആദ്യമാസത്തിന്റെ 30-ാം തീയതിയ്ക്കകം സമർപ്പിക്കണം

(4) ഇപ്രകാരം ലഭിയ്ക്കുന്ന ക്ളെയിമുകളും ശുപാർശകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് പലിശ ഇനത്തിൽ മാറി നൽകേണ്ട തുക ബന്ധപ്പെട്ട പാദം അവസാനിക്കുന്നതിന് മുൻപായി ട്രഷറിയിൽ നിന്ന് മാറി നൽകേണ്ടതാണ്.

(5) പലിശതുക യഥാസമയം നൽകാത്തതുമൂലം പിഴപലിശ നൽകേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ പലിശ തുക യഥാസമയം നൽകുന്നതിന് വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

(6) ബഡ്ജറ്റിൽ വകയിരുത്തിയ തുക ഗ്രാമപഞ്ചായത്തുകൾ, ബ്ളോക്ക് പഞ്ചായത്തുകൾ / ജില്ലാ പഞ്ചായത്തുകൾ / നഗരസഭകൾ / കോർപ്പറേഷനുകൾ എന്നിവ എടുത്ത വായ്പയുടെ പലിശ നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്ന് അനുവദിച്ചുനൽകാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ പലിശ തുക മാറി നൽകുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ നൽകുന്ന ക്ളെയിമിന്റെ അടിസ്ഥാനത്തിൽ തുക മാറി നൽകുന്നതിനായി അലോട്ട് ചെയ്യാവുന്നതാണ്.

(7) പലിശതുക ട്രഷറിയിൽ നിന്ന് മാറുന്നതിന് വെയസ് ആന്റ് മിൻസ് ക്ളിയറൻസ് ആവശ്യമില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ധനകാര്യവകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(8) പലിശ ഇനത്തിൽ അലോട്ട് ചെയ്ത തുക മാറി നൽകിയ തുക എന്നിവ സംബന്ധിച്ച മുൻമാസത്തെ കണക്കുകൾ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർക്ക് എല്ലാമാസവും 10-ാം തീയതിയ്ക്കകം നൽകേണ്ടതാണ്.

ഇത് ക്രോഡീകരിച്ച് വകുപ്പ് അദ്ധ്യക്ഷൻമാർ തദ്ദേശഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം) വകുപ്പിന് 15-ാം തീയതിയ്ക്കകം ലഭ്യമാക്കേണ്ടതാണ്.

(9) അലോട്ട് ചെയ്ത തുകയ്ക്ക് ഉപരിയായി തുക ആവശ്യമാണെങ്കിലോ അലോട്ട് ചെയ്ത തുക സറണ്ടർ ചെയ്യാനുണ്ടെങ്കിലോ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ ഉപധനാഭ്യർത്ഥനയ്ക്ക് പ്രൊപ്പോസൽ നൽകുമ്പോൾ പ്രത്യേകമായി നൽകേണ്ടതാണ്.

മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി നിർദ്ദേശങ്ങൾ നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു.

ധനകാര്യവകുപ്പ് മന്ത്രി

[illegible] 30/4